(ഡി) തൃശ്ശൂർ ജില്ല സാമിൽ ആന്റ് ടിംബർ ഇൻഡസ്ട്രീസ് അസോസിയേഷൻ 12/98-ൽ ഇതു സംബന്ധിച്ച് സർക്കാരിനു സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ വനഭൂമിയുടെ 5 കിലോമീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത നിയന്ത്രണം ബഹു. സുപ്രീം കോടതിയും കേരള ഹൈക്കോടതിയും പുറപ്പെടുവിച്ച വിധികളുടെ അടിസ്ഥാനത്തിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ബഹു. സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തടിമില്ലുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

(സി) 1996 ഡിസംബർ 12ന് റിട്ട്പെറ്റീഷൻ (സിവിൽ) 202/95-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലും ബഹു. കേരള ഹൈക്കോടതി ഒ.പി. 6696/96, 22203/97 എന്നിവയിൽ സംയുക്തമായി 17-3-1998-ാം തീയതി പുറപ്പെടുവിച്ച വിധിയും കണക്കിലെടുത്താണ് വനം വകുപ്പ് അധികൃതർ പ്രസ്തുത നിർദ്ദേശം നൽകിയത്.

(ഡി) വനാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്നതു സംബന്ധിച്ച ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിവിധ ജില്ലകളിലെ തടിവ്യവസായ അസോസിയേഷൻ ഭാരവാഹികൾ സർക്കാരിനു സമർപ്പിച്ച നിവേദനം പരിഗണനയിലെടുത്താണ് 15-11-1999 ലെ സർക്കാർ ഉത്തരവ് (പി) 93/99/വനം നമ്പരായുള്ള ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) ബഹു. സുപ്രീം കോടതിയുടെയും കേരള ഹൈക്കോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത തടിമില്ലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

ജൈവ സമ്പത്ത് വിദേശത്തേയ്ക്ക് കൊണ്ടുപോകാനുള്ള മാനദണ്ഡം

71 (2784) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവസമ്പത്ത് വിദേശത്തേയ്ക്ക് കടത്താൻ അനുവദിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ജൈവസമ്പത്ത് വിദേശത്തേയ്ക്ക് കടത്തുന്നതിനെ തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ആസ്ട്രേലിയൻ സെന്റർ ഫോർ ഇന്റർനാഷണൽ അഗ്രികൾച്ചറൽ റിസർച്ചും ചേർന്ന് എന്തെങ്കിലും റിസർച്ച് പരിപാടി നടത്തിയിട്ടുണ്ടോ ;

(ഡി) ഇത് ഇപ്പോഴും തുടരുന്നുണ്ടോ ;

(ഇ) എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണ് ഈ യോജിച്ച റിസർച്ച് നടത്തിയതോ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്നത് ;

(എഫ്) സംസ്ഥാനത്തു നിന്നും മണ്ണിന്റെയും സസ്യങ്ങളുടെയും സാമ്പിൾ ആസ്ട്രേലിയയിലേയ്ക്ക് കൊണ്ടുപോകുവാൻ അനുവദിച്ചിട്ടുണ്ടോ ;

(ജി) ഇതിനുവേണ്ടി ആസ്ട്രേലിയൻ സെന്റർഫോർ ഇന്റർനാഷണൽ അഗ്രികൾച്ചർ ആദ്യമായി എന്തെല്ലാം വ്യവസ്ഥകൾ സ്വീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത് ;

(എച്ച്) മണ്ണിന്റെയും സസ്യങ്ങളുടെയും സാമ്പിൾ കടത്തിക്കൊണ്ടു പോകുന്നതിന് എന്തെല്ലാം അധികവ്യവസ്ഥ അംഗീകരിക്കാമെന്ന് കൂടി അറിയിച്ചിരുന്നു ;

(ഐ) ഈ അധിക വ്യവസ്ഥകളുടെകൂടെ അടിസ്ഥാനത്തിൽ മണ്ണിന്റെയും സസ്യങ്ങളുടെയും സാംമ്പിൾ ആസ്ട്രേലിയയിലേയ്ക്ക് കൊണ്ടു പോകാൻ ഇന്ത്യാഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോ ;

(ജെ) എങ്കിൽ ഇക്കാര്യം അനുവദിച്ചുകൊണ്ടുള്ള കത്തിന്റെ കോപ്പി ലഭ്യമാക്കാമോ ;

(കെ) മണ്ണിന്റെയും സസ്യങ്ങളുടെയും സാമ്പിൾ ആസ്ട്രേലിയയിലേയ്ക്ക് കൊണ്ടുപോകാൻ അനുവദിക്കണമെന്ന് ശുപാർശ ചെയ്തുകൊണ്ട് ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ ഈ സാമ്പിളുകൾ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായികൊടുക്കുവാനാണ് ശുപാർശ ചെയ്തത്;

(എൽ) മണ്ണും, സസ്യങ്ങളും കൊണ്ടുപോകാൻ അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവിൽ ഇന്ത്യാഗവൺമെന്റ് അംഗീകരിച്ച വ്യവസ്ഥകൾ എല്ലാം ചേർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എം) ഇതിനുള്ള ഉത്തരവാദിത്തം ആർക്കാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ അദ്ധ്യായം 111 എ പ്രകാരം നിശ്ചിത സസ്യഇനങ്ങളുടെ വ്യാപാരം നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫോറിൻ ട്രേഡ് ഡവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ട് 1992-ന്റെ അടിസ്ഥാനത്തിലും എക്സ്പോർട്ട് ഇംപോർട്ട് പോളിസി 1997-2000 പ്രകാരവും ഏതാനും സസ്യഇനത്തിൽ കയറ്റുമതി ചെയ്യുന്നത് നിരോധിച്ചുകൊണ്ടും നിയന്ത്രിച്ചുകൊണ്ടും 14-10-1998-ലെ

LIBRARY ARCHIVES Kerala Legislative Assembly

നം-24 (ആർ. ഇ.-98)/1999-2000 പ്രകാരം കേന്ദ്രസർക്കാരിന്റെ വാണിജ്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(സി-എം) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വനം വകുപ്പിലെ റെയ്ഞ്ചർമാരുടെ കാറ്റഗറി

72 (2785) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഏതെല്ലാം കാറ്റഗറിയിൽപ്പെട്ട റെയ്ഞ്ചർമാരാണുള്ളത് ;

(ബി) ഇവർ തമ്മിലുള്ള അനുപാതം കാലകാലങ്ങളിൽ തുല്യമായി നിലനിർത്തണമെന്ന് സർക്കാർ ഉത്തരവുണ്ടോ ;

(സി) ഓരോ കാറ്റഗറിയിലും നിശ്ചയിച്ചിട്ടുള്ള റെയ്ഞ്ചർമാരുടെ എണ്ണം എത്ര ;

(ഡി) ഏറ്റവും കുറവ് റെയ്ഞ്ചർമാർ ഏത് കാറ്റഗറിയിലാണ് ;

(ഇ) ഈ കാറ്റഗറിയിലെ റെയ്ഞ്ചർമാരുടെ എണ്ണം മറ്റ് കാറ്റഗറികൾക്ക് തുല്യമാകുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ താഴെ പറയുന്ന നാല് കാറ്റഗറിയിൽപ്പെട്ട റെയ്ഞ്ചർമാരാണുള്ളത്.

1. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്ന പി. എസ്. സി. (ഫോറസ്ട്രി) ബിരുദധാരികൾ.

2. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്ന പി.എസ്.സി. ബിരുദധാരികൾ (ഫോറസ്റ്റ് അപ്രന്റീസ്)

3. വനം വകുപ്പിലെ ഫോറസ്റ്റർ/ഡെപ്യൂട്ടി റെയ്ഞ്ചർ തസ്തികയിൽ നിന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തെരഞ്ഞെടുക്കപ്പെടുന്നവർ.

4. ഡെപ്യൂട്ടി റെയ്ഞ്ചർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേന നിയമനം നൽകപ്പെടുന്നവർ.

(ബി) ഉണ്ട്.

(സി)

കാറ്റഗറി 1	49
കാറ്റഗറി 2	50
കാറ്റഗറി 3	50
കാറ്റഗറി 4	50
ആകെ	199

LIBRARY ARCHIVES Kerala Legislative Assembly